"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നെന്മാറ വല്ലങ്ങി വേലക്കായിലൈറ്റ് സൗകര്യമൊരുക്കിയതിന്റെ ചെലവ് നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2224/2025/LSGD തീയതി,തിരുവനന്തപുരം, 17-09-2025

---

പരാമർശം:-
1. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16/06/2025-ലെ കത്ത്.
2. നെന്മാറ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28/05/2025-ലെ 2(1) നമ്പർ തീരുമാനം.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 21/08/2025-ലെ 4.10 നമ്പർ തീരുമാനം.

**ഉത്തരവ്**

നെന്മാറ ഗ്രാമപഞ്ചായത്തിലെ നെന്മാറ വല്ലങ്ങിവേല എല്ലാ വർഷവും വിപുലമായ രീതിയിൽ ആഘോഷിക്കുന്ന ഉത്സവമാണ്. 2025 ഏപ്രിൽ 2, 3, 4 ദിവസങ്ങളിലായി ഈ വർഷത്തെ ഉത്സവം നടന്നു. ഇതിന്റെ ഭാഗമായി പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഫോക്കസ് ലൈറ്റുകൾ, ട്യൂബ് ലൈറ്റുകൾ, എം.എച്ച് ലൈറ്റ്, ജനറേറ്റർ, സീരിയൽബൾബ് എന്നിവയ്ക്കായി ആകെ 2,34,800 രൂപയുടെ ബിൽ ആയെങ്കിലും തുക നൽകിയില്ല. ടെണ്ടറിലൂടെയാണ് കരാറുകാരനെ എടുത്തതെങ്കിലും മാർഗ്ഗരേഖയിൽ ഇല്ല എന്ന കാരണത്താൽ വെറ്റിംഗ് ഓഫിസർ വെറ്റ ചെയ്തില്ല. ഈ ഉത്സവത്തിന് 2021-22 മുതൽ 2024-25 വരെ ( നാലു വർഷം) ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ സൗകര്യം ഒരുക്കിയതിന് വന്ന ചെലവ് ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ടിൽ നിന്നു നൽകാനും വരുംവർഷങ്ങളിൽ ഇതേ രീതിയിൽ പ്രോജക്ട് നടപ്പാക്കാനും അനുമതി നല്കണമെന്ന് പപരാമർശം (2)-ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസർ അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. കഴിഞ്ഞ നാല്

വർഷമായി ഈ പ്രോജക്ട് നടപ്പാക്കിയിരുന്നു എന്നതു കൂടി പരിഗണിച്ച് ഈ വർഷം ചെലവായ തുക നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു. ഭാവിയിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ഇത്തരം ചെലവുകൾക്ക് തുക ചെലവഴിക്കാവുന്നതല്ലെന്നും, എന്നാൽ ഉത്സവത്തോടനുബന്ധിച്ച് മാലിന്യ നിർമ്മാർജ്ജനമടക്കമുള്ള പ്രവർത്തനത്തിന് തുക ചെലവഴിക്കാവുന്നതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട് ജില്ല.

സെക്രട്ടറി, നെന്മാറ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (3266231)

Signed by
Viraj K
Date: 18-09-2025 10:47:14

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.